**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 801** **06-10-2021 - ൽ മറുപടിയ്ക്ക്**

**മോഡൽ റസിഡൻഷ്യൽ സ്കൂളുകളും ഹോസ്റ്റലുകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളും ഹോസ്റ്റലുകളും മികവുറ്റതാക്കാൻ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ 9 മോഡൽ റസിഡൻഷ്യ ൽ സ്കൂളുകൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ പുതിയതായി ആരംഭിച്ച 2 എം.ആർ,.എസുകളിലേക്കുള്ള പ്രവേശന നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. സാമ്പത്തികമായും സാമൂഹികമായും പിന്നാക്കാവസ്ഥയിൽ നിൽക്കുന്ന മിടുക്കരായ വിദ്യാർത്ഥികൾക്ക് മികച്ചതും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും 105 പ്രീമെട്രിക് ഹോസ്റ്റലുകളും 9 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ പ്രവർത്തിച്ചു വരുന്നു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾക്കു കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളും ഹോസ്റ്റലുകളും മികവുറ്റതാക്കാൻ സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കുമോ? | (ബി) | പട്ടികജാതി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളെല്ലാം സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത രണ്ട് മോഡൽ റസിഡൻഷ്യൽ സ്കൂളുകളാണ് നിലവിലുള്ളത്. ഇതിൽ കാസർഗോഡ് ജില്ലയിലെ പ്രത്യേക ദുർബല വിഭാഗത്തിനായുള്ള ആശ്രമം സ്കൂൾ നിർമ്മാണത്തിനായി ബദിയടുക്കയിൽ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പത്ത് ഏക്കർ ഭൂമിയിൽ സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനായി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ 29.09 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. കൂടാതെ തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിലെ വാലിപ്പാറ പട്ടികവർഗ്ഗ സങ്കേതത്തിൽ വനം |

| | | | |
|---|---|---|---|
| | | | വകുപ്പിൽ നിന്നും ലഭ്യമായ ഒരു ഹെക്ടർ ഭൂമിയിൽ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗതിയിലാണ്. ഈ പദ്ധതിക്ക് കിഫ്ബിയിൽ ഉൾപ്പെടുത്തി 25.05 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

വകുപ്പിനു കീഴിലുള്ള എം.ആർ.എസ് കളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ, ലൈബ്രറി, ഇന്റർനെറ്റ് സൗകര്യമുള്ള ഐ.ടി.ലാബ്, സയൻസ് ലാബ്, ഭൂമിശാസ്ത്ര ലാബ്, ലാംഗ്വേജ് ലാബ് എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. എം.ആർ.എസുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. എം.ആർ.എസുകളിൽ യൂണിസെഫ് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ക്ലാസ് റൂമുകൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ ഹൈടെക് ആക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എസ്.പി.സി പദ്ധതി എല്ലാ എം.ആർ.എസ് കളിലും നടപ്പിലാക്കിയിട്ടുണ്ട്. പൊതു വിദ്യാഭ്യാസ സംരംക്ഷണ യജ്ഞം പദ്ധതി പ്രകാരം നടത്തപ്പെടുന്ന പദ്ധതികളും എം.ആർ.എസ് കളിൽ നടപ്പാക്കുന്നുണ്ട്. മോറൽ വാല്യൂക്ലാസുകൾ, ലിറ്റിൽ കൈറ്റ്, ഹലോ ഇംഗ്ലീഷ് പ്രോഗ്രാം എന്നിവ എം.ആർഎസുകളിൽ നൽകിവരുന്നു. പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി മേട്രൺ കം റസിഡന്റ് ട്യൂട്ടർമാരെയും വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ് നൽകുന്നതിനായി കൗൺസലർമാരെയും നിയമിക്കുന്നുണ്ട്. എം.ആർ.എസ്. കളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി കെട്ടിടങ്ങൾക്കാവശ്യമായ മെയിന്റനൻസ്, പെയിന്റിംഗ് എന്നിവ നടത്തിവരുന്നു. എംആർഎസുകളിൽ സിസിറ്റിവി ക്യാമറ സ്ഥാപിച്ചിട്ടുണ്ട്. അധിക നിർമ്മാണ പ്രവൃത്തികൾ ഫർണിച്ചർ വാങ്ങൽ, മെയിന്റനൻസ്, കൊതുകുവല സ്ഥാപിക്കൽ , പെയിന്റിംഗ് തുടങ്ങിയ വിവിധ പ്രവൃത്തികൾക്ക് പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് അനുമതി നൽകി വരുന്നു. വിദ്യാർത്ഥികൾക്കാവശ്യമായ ബെഡ്. ബെഡ് ഷീറ്റ്, പില്ലോ തുടങ്ങിയവ ആവശ്യകത അനുസരിച്ച് അനുവദിച്ചു വരുന്നു.

പട്ടികജാതി വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹോസ്റ്റൽ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, നവീകരണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് അനുമതിയുത്തരവ് പുറപ്പെടുവിക്കാറുണ്ട്. ശുദ്ധജല ലഭ്യതയ്ക്കായി വാട്ടർ പ്യൂരിഫയർ ഹോസ്റ്റലുകളിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. വെള്ളത്തിന് ക്ഷാമമുള്ള ഹോസ്റ്റലുകളിൽ കുഴൽക്കിണർ കുഴിക്കുന്നതിന്/വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് വാട്ടർ കണക്ഷൻ എടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കുട്ടികളുടെ ആരോഗ്യ സുരക്ഷിതത്വത്തിനായി കൊതുകുവല സ്ഥാപിച്ചിട്ടുണ്ട്. ബെഡ്, ബെഡ് കവർ, ബെഡ് ഷീറ്റ് തുടങ്ങിയവ ആവശ്യപ്പെടുന്ന മുറയ്ക്ക് സമയബന്ധിതമായി അനുവദിച്ചു നൽകുന്നുണ്ട്.

ഹോസ്റ്റലുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ചിട്ടുണ്ട്. ടെലിവിഷൻ, ഫ്രിഡ്ജ്, മിക്സി, ഗ്രൈൻഡർ, വാട്ടർ പ്യൂരിഫയർ എന്നിവ വാങ്ങി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഉപയോഗശൂന്യമായ ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിനും പുതിയ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ നിർമ്മാണം, നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾ, ടോയ് ലറ്റ് നിർമ്മാണം, കുടിവെള്ള പദ്ധതികൾ, ബഞ്ച്, കട്ടിൽ, ഡസ്ക്, തുടങ്ങിയ ഫർണിച്ചറുകൾ നൽകൽ, മറ്റ് അവശ്യ ഉപകരണങ്ങളായ കമ്പ്യൂട്ടർ, ടെലിവിഷൻ

വിതരണം എന്നിവയും നടപ്പാക്കി വരുന്നു. കൂടാതെ പട്ടികവർഗ വികസന വകുപ്പിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി ഡിജിറ്റൽ ലൈബ്രറി, സ്കൂൾ റേഡിയോ, ലാംഗ്വേജ് ലാബ്, കമ്പ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ് റൂം, അഗ്നി പ്രതിരോധ സംവിധാനം, ഔട്ട് ഡോർ ഫിറ്റ്നസ് സെന്റർ, മൾട്ടി പർപ്പസ് സിന്തറ്റിക് ട്രാക്ക്, നാപ്കിൻ വെന്റിംഗ് മെഷീൻ, ജല ശുദ്ധീകരണ പദ്ധതി, ഖര ദ്രാവക മാലിന്യ സംസ്കരണ പ്ലാന്റ്, മിന്നൽ രക്ഷാ ചാലകം, മിനിമാസ്റ്റ് ലൈറ്റ്, സോളാർ പവർ പ്ലാന്റ്, സി.സി.ടി.വി, സ്റ്റീം ബെയ്സ്ഡ് കിച്ചൺ, വാട്ടർ പ്യൂരിഫയർ എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 105 പ്രീമെട്രിക് ഹോസ്റ്റലുകളുടെയും 9 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെയും ഭൗതിക സാഹചര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തുന്നതിന് യുണിസെഫ് നിഷ്കർഷിച്ച മാതൃകയിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരികയാണ്.

Renuka Sankar

**സെക്ഷൻ ഓഫീസർ**